
കവിതാപരിചയം

(സഹപാഠികൾക്ക്)



ഗ്രന്ഥകർത്താ

ആനന്ദക്കുട്ടൻ എം. എ.



Approved for School Libraries—Vide D. P. I's order No. L Dis 18286/56/ A 13 dated 24-10-1956


വിദ്യോദയ പ്രസിദ്ധീകരണം

സ്റ്റാൻഡാർഡ് VII പുസ്തകം 3

സഹപാഠികൾ

(ഗാനനാടകം)

★



ആനന്ദക്കുട്ടൻ എം. എ.

ലെക്ചറർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

★

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം.

വില 8 അണ.

SAHAPATIKAL

[OPERA]

ANANDAKKUTTAN M. A.

First Impression June 1956

Second Impression November 1956

Publishers

VIDYODAYA PUBLICATIONS

CARMAL ROAD, VAZHUTHACAUD,

TRIVANDRUM.

Price As. 8



വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

സ്റ്റാൻഡാർഡ് VI

1. വേലുത്തമ്പിദളവാ .... [വീരചരിതം]
2. മൂടിയനായ പുത്രൻ .... .. [ലഘുനാടകം]
3. ചീത .... . [സംഭാഷണഗാനം]
4. വിമാനത്തിന്റെ കഥ .... [ശാസ്ത്രം]
5. ധർമ്മരശ്മി .... [ജീവചരിത്രം]

സ്റ്റാൻഡാർഡ് VII

1. ശ്രീനാരായണഗുരു .... [ജീവചരിത്രം]
2. റേഡിയോ .... [ശാസ്ത്രം]
3. സഹചാരികൾ .... [ഗാനനാടകം]
4. അവർ ഇന്നും ജീവിക്കുന്നു [ജീവചരിത്രസംഗ്രഹം]
5. നമ്മുടെ ആഘോഷങ്ങൾ .... [സാമൂഹ്യചരിത്രം]

സ്റ്റാൻഡാർഡ് VIII

1. ആകാശജേതാക്കൾ .... [സയൻസപഠിക്ഷണങ്ങൾ]
2. സിനിമ .... [ശാസ്ത്രം]
3. ജ്ഞാനപ്പാന .... [ഹിതോപദേശം]
4. തിരുത്തമ (ഒന്നാംഭാഗം)
[മൂന്നാമതിയാഖ്യായികാസംഗ്രഹം]
5. തിരുത്തമ (രണ്ടാംഭാഗം)
[മൂന്നാമതിയാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് IX

1. ബാപ്പുജി .... [ജീവചരിത്രം]
2. ശരീരമാദ്യം .... [ശരീരശാസ്ത്രം]
3. ബിന്ദുക്കളം .... [ശ്ലോകസമാഹാരം]
4. ഇൻഡ്യ മുന്നോട്ട് .... [രാജ്യചരിത്രം]
5. ഇൻഡ്യ മുന്നോട്ട് .... [രാജ്യചരിത്രം]

സ്റ്റാൻഡാർഡ് X

1. ചെങ്കോലും മരവുരിയും.... .... [നാടകം]
2. സമ്പൂർണ്ണജീവിതം .... [ജീവചരിത്രം]
3. ഓവദർപ്പണം .... [കവിതാസമാഹാരം]
4. ഇരുളും വെളിച്ചവും (ഒന്നാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]
5. ഇരുളും വെളിച്ചവും (രണ്ടാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് XI

1. മൗലികാവകാശങ്ങളും .... [രാഷ്ട്രീയകാര്യം]
2. സീതാപരിത്യാഗം .... [കവിതാസംഗ്രഹം]
3. കൈരളിയുടെ കഥ—ഒന്നാംഭാഗം
4. കൈരളിയുടെ കഥ—രണ്ടാംഭാഗം } സാഹിത്യചരിത്രം]
5. കൈരളിയുടെ കഥ—മൂന്നാംഭാഗം

ഈ ഗ്രന്ഥപരമ്പരയെപ്പറ്റി

അപ്പർ പ്രൈമറി സ്കൂളിലേയും സെക്കൻഡറി സ്കൂളിലേയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഞങ്ങളും ഈ ഗ്രന്ഥപരമ്പര തയാറാക്കിയിട്ടുള്ളതു്. ഓരോ ക്ലാസ്സിലേയും മാതൃഭാഷാധ്യയനത്തിനു് നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ കൂട്ടികൾ പരിചയിക്കുന്ന പദങ്ങളേയും പ്രയോഗങ്ങളേയും ശൈലികളേയും അവരുടെ മനസ്സിൽ കൂടുതൽ ദൃഢമായി പ്രതിഷ്ഠിക്കുന്നതിനും ബഹുമുഖമായ വിജ്ഞാനം അവർക്കു് നൽകുന്നതിനും ഉപകരിക്കത്തക്കവിധം ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളും പ്രതിപാദനരീതിയും ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുണ്ടു്. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ മാനസികവും ഭാഷാവിജ്ഞാനപരവുമായ നിലവാരത്തിനൊപ്പിച്ചാണ് അതാതു ക്ലാസ്സിലേയ്ക്കു് പുസ്തകങ്ങളും നിമ്മിച്ചിട്ടുള്ളതു്. മുൻക്ലാസ്സുകളിലെ പുസ്തകങ്ങളിലുള്ള പദങ്ങളും രചനാശൈലികളും പ്രേരിതത്തോളം അടുത്ത ക്ലാസ്സുകളിലെ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുക, ഓരോ ക്ലാസ്സിലുമുള്ള വിദ്യാർത്ഥികൾക്കു് പുതിയ വാക്കുകളും നൂതനശൈലികളും മനസ്സിലാക്കാൻ അവസരം നൽകുക, മലയാള സാഹിത്യത്തിലെ സുപ്രധാനവും മനോഹരവുമായ കവിതകളോടും അവയുടെ കർത്താക്കന്മാരോടും സമ്പർക്കം പുലർത്താൻ കുട്ടികളെ സഹായിക്കുക, ഗദ്യനാടകം, ഗദ്യനാടകം, ഒറ്റയാൾനാടകം, ഭാഷാഗാനം, ജീവചരിത്രം, ദേശചരിത്രം, നോവൽ, സഞ്ചാരകഥ, ശാസ്ത്രം, സാമാന്യവിജ്ഞാനം തുടങ്ങിയ വിവിധവിഷയങ്ങളിൽ ബാലികാബാലന്മാർക്കു കൗതുകം ഉളവാക്കുക, എന്നിവയാണ് ഈ ഗ്രന്ഥപരമ്പരയുടെ മുഖ്യലക്ഷ്യങ്ങൾ. ഇക്കാര്യത്തിൽ ഞങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു നിശ്ചയിക്കേണ്ടതു് ഇന്നാട്ടിലെ അധ്യാപകസുഹൃത്തുക്കളും വിദ്യാഭ്യാസ വിചക്ഷണന്മാരുമാണ്.

പ്രസാധകർ { അംശി പി. ശ്രീധരൻനായർ
എൻ. കൃഷ്ണപിള്ള
വി. ആനന്ദക്കുട്ടൻനായർ

(*All Rights Reserved*)



സഹപാഠികൾ

[ഗാനനാടകം]

ശ്രീകൃഷ്ണനും കുചേലനും സഹപാഠികളായിരുന്നു. ഗുരുകുലത്തിൽനിന്നു പോന്നതിനുശേഷം രണ്ടുപേരും ഗൃഹസ്ഥാശ്രമികളായി. ശ്രീകൃഷ്ണൻ സകല സുഖങ്ങളോടും കൂടി ദ്വാരകയിൽ വസിച്ചു. കുചേലനാകട്ടെ, പട്ടിണിയും കഷ്ടപ്പാടുംകൊണ്ടു് വലഞ്ഞു. അദ്ദേഹം എപ്പോഴും ഈശ്വരനെ ഭജിച്ചു് കാലം കഴിച്ചു. ദാരിദ്ര്യം അസഹ്യമായപ്പോൾ, ഭാര്യയുടെ അപേക്ഷയനുസരിച്ചു്, കുചേലൻ ശ്രീകൃഷ്ണനെ കാണാൻ പോയി. പാവപ്പെട്ട കുചേലബ്രാഹ്മണൻ ശങ്കിച്ചു ശങ്കിച്ചു് ദ്വാരകയിൽ കടന്നു. ശ്രീകൃഷ്ണൻ ആ ഭക്തനെ വാതുക്കൽ ചെന്നു് എതിരേറ്റു. അവിടത്തെ സൽക്കാരംകൊണ്ടു് കുചേലൻ

മതിമറന്നു കുചേലന്റെ ഭാര്യ വീട്ടതോരും ഇരന്നുകിട്ടിയ നെല്ലു കുത്തി അവലാക്കി ഭർത്താവിന്റെ കയ്യിൽകൊടുത്തയച്ചിരുന്നു. കൃഷ്ണൻ കല്ലും മണ്ണും നിറഞ്ഞ ആ അവൽ ഒരു പിടി വാരിത്തിന്നു.

കുചേലൻ ദ്വാരകയിൽനിന്നു മടങ്ങി. വഴിയിൽ വച്ചാണു് അദ്ദേഹം ഭാര്യയേയും വീടിനേയും കുറിച്ചു് ഓർമ്മിച്ചതു്. കൃഷ്ണനെക്കണ്ടു് വിവരം പറഞ്ഞാൽ ആ മഹാപ്രഭു ദാരിദ്ര്യം തീർക്കും. അതിനാണു് കുചേലൻ ദ്വാരകയിലേയ്ക്കു പോയതു് മടങ്ങി വന്നതോ? വെറും കൈയോടെ! കുചേലൻ വിഷമിച്ചു. വീടടുത്തപ്പോൾ അദ്ദേഹം അമ്പരന്നു. കുചേലന്റെ കുടിലിന്റെ സ്ഥാനത്തു് ഒരു കൊട്ടാരം. ഭൃത്യന്മാർ ഒട്ടേറെ. ഇതെന്തദ്ഭുതം എന്നു ചിന്തിച്ചു നിൽക്കുമ്പോൾ കുചേലന്റെ ഭാര്യ ഇറങ്ങിവന്നു. പണ്ടത്തെ പട്ടിണിക്കോലമെല്ലാം പോയി; ഇന്നു് അവൾ സുന്ദരിയായിരിക്കുന്നു. കുചേലൻ കാര്യങ്ങൾ ചോദിച്ചു. എല്ലാം ശ്രീകൃഷ്ണന്റെ അനുഗ്രഹമാണെന്നു മനസ്സിലാക്കി.

പ്രസിദ്ധമായ കുചേലകഥ ഒരു ഗാനനാടകമാക്കിയതാണു് ഈ പുസ്തകം. ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽനിന്നു് ആവശ്യമായ വരികൾ തെരഞ്ഞെടുത്തു് അതിനു നാടകരൂപംകൊടുത്തു എന്നു മാത്രമേയുള്ളൂ. അതുകൂടാതെ

പൂന്താനം നമ്പൂതിരിയുടെ ഒരു ശ്ലോകവും, കുചേലവൃത്തം വഞ്ചിപ്പാട്ടിൽനിന്നും ഒരു ഭാഗവും, ഒരു പഴയ കീർത്തനത്തിലെ ഏതാനും വരികളും ഇതിലുണ്ട്. ശേഷിക്കുന്ന ഒന്നോ രണ്ടോ ഈരടി എഴുതിച്ചേർത്താണ്.

ഇതു് അഭിനയിക്കാൻ പറ്റിയ വിധത്തിലാണു് എഴുതിയിരിക്കുന്നതു്. സംഗീതത്തിൽ വാസനയുള്ള കുട്ടികളെ തെരഞ്ഞെടുത്തു് യോജിച്ചവേഷം നൽകി അഭിനയിപ്പിച്ചാൽ നന്നായിരിക്കും.

കഥാപാത്രങ്ങൾ

കുചേലൻ

ശ്രീകൃഷ്ണൻ

സുശീല

ലക്ഷ്മീദേവി

രണ്ടു വഴിപോക്കർ.

ഭൃത്യന്മാർ

സഖിമാർ

സഹപാഠികൾ

[ഗാനനാടകം]

രംഗം ഒന്നു്

[കൃഷ്ണന്റെ കുടിൽ. കൃഷ്ണൻ ദേഹം ചന്ദനങ്ങളണിഞ്ഞു ഒരു പീഠത്തിലിരുന്നു നാമം ജപിക്കുന്നു.]

കൃഷ്ണൻ:—

കൊഞ്ചിക്കൺകൊണ്ടു കുഞ്ചിപ്പുരുപരൊട്ട-
കളിച്ചും മുദാ വല്ലവീനാം
വഞ്ചിച്ചും ചിത്തപത്മം, മധുര മുരളികൊ-
ണ്ടാകെ വിശ്വം ജയിച്ചും

---

1. പൂന്താനം നമ്പൂതിരിയുടെ 'ശ്രീകൃഷ്ണ കർണ്ണാമൃതം' എന്ന കൃതിയിലെ ഒരു ശ്ലോകമാണിതു്.

കുഞ്ചിപ്പുരുപർ=കുഞ്ഞിപ്പുരുപർ. പുരുപർ=കാലി മേയ്ക്കുന്നവർ. കുഞ്ചിപ്പുരുപർ=ഗോപാലബാലന്മാർ. മുദാ=സന്തോഷത്തോടുകൂടി. വല്ലവീനാം=വല്ലവിമാരുടെ (ഗോപസ്ത്രീകളുടെ) ചിത്തപദ്മം=നേസ്സാകുന്ന താമര. മധുരമുരളി=മധുരമായ സംഗീതം പുറപ്പെടുവിക്കുന്ന ഓടക്കുഴൽ. വിശ്വം=ലോകം.

കുഞ്ചിക്കൈകൊണ്ടു കുന്നിൻകുട തിരുമുടിയിൽ
ചൂടി നിന്നോരു നിന്മെയ്
നെഞ്ചിൽതോന്നേണമാപൽഗണമനവധിയായ്
വന്നു വീഴുമ്പൊഴെല്ലാം.

2 ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേഹരേ.
ഹരേ കൃഷ്ണ ഹരേ കൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ!

കുഞ്ചിക്കൈ=കൊച്ചുകൈ. 'കുന്നിൻകുട തിരുമുടിയിൽ ചൂടിനിന്ന' ഇതു് ഒരു കഥയെ സൂചിപ്പിക്കുന്നു. പണ്ടു് ഇന്ദ്രൻ മഴകൊണ്ടു് യാദവന്മാരെ ഉപദ്രവിച്ചു. അപ്പോൾ പശുക്കളേയും യാദവന്മാരേയും രക്ഷിക്കാൻവേണ്ടി ശ്രീകൃഷ്ണൻ ഗോവർദ്ധനം എന്ന കുന്നിനെകുട യാക്കിപ്പിടിച്ചു. നെഞ്ചിൽതോന്നോണം=മനസ്സിൽ ഉദിക്കണം. ആപൽ ഗണം=ആപത്തുകളുടെ കൂട്ടം. അനവധി=അതിരില്ലാതെ.

ഓമനത്തംതുളുമ്പുന്ന കൊണ്ടു് ഗോപാലബാലന്മാരോടു കളിയാടിയും, സന്തോഷംകൊണ്ടു് ഗോപസ്ത്രീകളുടെ മനസ്സുകവർന്ന താമരയെ ആകർഷിച്ചും, മധുരമായ വേണുഗാനംകൊണ്ടു് ലോകം മുഴുവൻ ജയിച്ചും, കുഞ്ഞിക്കൈകൊണ്ടു് ഗോവർദ്ധനത്തെ കുടയായിപ്പിടിച്ചും നിന്നാ നിന്റെ(ശ്രീകൃഷ്ണന്റെ) തിരുവുടൽ ആപത്തുകളെ ഒട്ടേറെയായി വന്നണയുമ്പോഴൊക്കെ എന്റെ മനസ്സിൽ ഉദിക്കുമാറാകണം.

[കുചേലന്റെ ഭാര്യ സുശീല പ്രവേശിച്ചു് ഭർത്താവിനെ വന്ദിക്കുന്നു. മുഷിഞ്ഞ വേഷം, പാറിപ്പറന്ന തലമുടി.]

സുശീല:— സ്വാമി,

൪ ഓദനം കണ്ടോതെയൊട്ടുനാളുണ്ടല്ലോ
വേദനമാറാതെ മേവുന്നുനാം.
ഓദനം തന്നോനെക്കണ്ടതുമില്ലെങ്ങും
വേദന ചിന്തിക്കിൽ മേലിലത്രേ.
ആവതുമില്ലേതും, പാതിയായ് മേനിയും
നാവും മയങ്ങുന്നു നാളിൽ നാളിൽ.
യാചിപ്പാൻപോവാനോ ചേലയുംചെമ്മല്ല
ഗേഹത്തിൽ മേവുവാൻ പയ്യുമുണ്ടേ.
ചെന്താരിൽമാതോട്ടു ചേരുന്നകാർവർണ്ണൻ
ബന്ധുവെന്നല്ലയോ ചൊല്ലിപ്പോരുന്നു

---

൪. ഓദനം=ക്ഷേണം. ഓദനം തന്നോൻ=ക്ഷേണം തരുന്നവൻ. മേലിലത്രേ=ഇനി വരാനിരിക്കുന്നതേയുള്ളൂ. നാളിൽ നാളിൽ=ദിവസംതോറും. ചെമ്മ്=വെടിപ്പ്. പയ്യ്=വീശുപ്പ്(പശി.) ചെന്താരിൽമാതു്=മഹാലക്ഷ്മി (ഐശ്വര്യത്തിന്റെ ദേവത). കാർവർണ്ണൻ=കൃഷ്ണൻ. ചൊല്ലിപ്പോരുന്നു=പറഞ്ഞു വരുന്നു.

വാരുറവമേവും ദ്വാരക തന്നിലെ
പാരാതെ ചെല്ലുകയെന്നേവേണ്ടൂ

കുചേലൻ:—

4 എന്നുടെ മാനസം തന്നിലുമുണ്ടിതു
മുന്നമേ കാണേണമെന്നതന്നെ.
നിന്നുടെ സാഹസം തന്നാലെയെങ്കിലെൻ
പുണ്യങ്ങളും പൂരിച്ചു കൊള്ളാമിപ്പോൾ.

സുശീല:—

5 ക്ഷുത്തുകൊണ്ടുണ്ടാകുന്നതെയിന്നവൻ
ചിത്തത്തിലാക്കുക യെന്തുചേതം?

വാരുറവമേവും=ഭംഗിയുള്ള. ദ്വാരക=ശ്രീകൃഷ്ണന്റെ കൊട്ടാരം.

4. സാഹസം=ഇവിടെ അത്യുത്സാഹം, പ്രേരണ എന്നൊക്കെ അർത്ഥം. പൂരിപ്പിച്ചുകൊള്ളാം=പൂർത്തിയാക്കാം.

കൃഷ്ണനെ കാണണമെന്ന് എനിക്കും മുമ്പേതന്നെ വിചാരമുണ്ട്. എന്നാൽ ഇപ്പോൾ നിന്റെ പ്രേരണകൊണ്ട് ഞാൻ ആ പുണ്യം നേടിക്കൊള്ളാം.

5. ക്ഷുത്ത്=വിശപ്പ്. അത്തൽ=ദുഃഖം. അവൻ ചിത്തത്തിലാക്കുക=അവനെ ധരിപ്പിക്കുക.

ഏറെനിന്നീടുകിലാണചൊല്ലാമല്ലോ
ഏറാറില്ലയെങ്കിൽ ചെന്നമ്പെയ്തക്കാം.

കുചേലൻ:—

6 രണ്ടേടത്തല്ലല്ലോ രാഗികളാം ഞങ്ങ-
ളുണ്ടുമുറങ്ങിയും പണ്ടേ പോലെ.
ഇന്നിനി നമ്മെ മറന്നങ്ങുപോകിലു-
മെന്നുടെ കണ്ണിനോ പുണ്യമുണ്ടാം

ഏറെനിന്നീട്ടുകിൽ = ഫലിച്ചെങ്കിൽ. ആണചൊല്ലാം= നേട്ട മെന്ന പറയാം. ഏറാറില്ലയെങ്കിൽ ചെന്നമ്പെയ്തക്കാം=അമ്പ് ഉന്നം വച്ച് പ്രയോഗിക്കയാണല്ലോ ചെയ്യുക. അമ്പ് ലക്ഷ്യത്തിൽ തറച്ചാൽനന്ന്. തറച്ചില്ലെങ്കിൽ അമ്പ് എടുത്തുകൊണ്ടു തിരിച്ചുപോരാം; അതുകൊണ്ടു നഷ്ടം വരാനില്ല.

[ശ്രീകൃഷ്ണനാട്ട് കാര്യങ്ങളും പറയുക. ഫലിച്ചാൽനന്ന്; ഫലിച്ചില്ലെങ്കിൽ നമുക്ക് നഷ്ടവുമില്ല എന്ന സാരം]

6. രാഗികൾ=സ്നേഹിതന്മാർ. പണ്ടേപോലെ=പണ്ടേ കഴിയുന്നു.

സുശീല:—

7 നമ്മുടെ വാഞ്ഛിതം നന്നായി നിന്നവൻ
നൽകിനിന്നീടുവാൻ പോരുമല്ലോ.

കുചേലൻ:—

8 കാണുന്നനേരത്തു കാഴ്ചയായ് നൽകുവാൻ
വേണുന്നതേതുമേ യില്ലയല്ലോ.

സുശീല:—

9 കാരുണ്യമില്ലയെന്നല്ലിയിരിക്കുന്നു
കാരുണ്യവാരിധിയെന്നു കേൾപ്പൂ.

---

7. വാഞ്ഛിതം=ആഗ്രഹം.

8. വേണുന്നതു്=വേണ്ടതു്.

9. ശ്രീകൃഷ്ണൻ ദയവുള്ളവൻ എന്നാണു് കേട്ടിട്ടുള്ളതു്. എന്നാൽ അദ്ദേഹത്തിനു ദയ ഇല്ലെന്നാണല്ലോ വന്നിരിക്കുന്നതു്!

കചേലൻ:—

10 പ്രാഭവംപൂണ്ടോരെപ്രാകൃതർ കാണുമ്പോൾ
പ്രാഭൃതം വേണമെന്നുണ്ടുണ്ണായം.

[സുശീല അല്പം ആലോചിച്ചു നിന്നിട്ടു മറയുന്നു. കചേലൻ വീണ്ടും ജപിക്കുന്നു]

11 അഞ്ജന ശ്രീധരാ ചാരുമൂർത്തേ-കൃഷ്ണാ
അഞ്ജലിക്കുപ്പി വണങ്ങിടുന്നേൻ കൃഷ്ണാ
ആനന്ദാലങ്കാരാ വാസുദേവാ കൃഷ്ണാ
ആതങ്കമെല്ലാമകറ്റിടേണേ കൃഷ്ണാ
ഇന്ദിരാനാഥാ ജഗന്നിവാസാ കൃഷ്ണാ
ഇന്നെൻറെമുമ്പിൽ വിളങ്ങിടേണേ കൃഷ്ണാ

[സുശീല തുണിയിൽ പൊതിഞ്ഞ അവൽ കചേലനു കൊടുക്കുന്നു. കചേലൻ യാത്ര പുറപ്പെടുന്നു.]

[കർട്ടൻ]

---

10. പ്രാഭവംപൂണ്ടോർ=പ്രൗഢന്മാർ. പ്രാകൃതർ=എളിയവർ
പ്രാഭൃതം=കാഴ്ചദ്രവ്യം

11. ഇതു് ഒരു പഴയ കീർത്തനമാണു്.

അഞ്ജനശ്രീധരൻ= അഞ്ജനത്തിൻെറ ശോഭയാർന്നവൻ. ചാരുമൂർത്തേ=മനോഹരമായ രൂപമുള്ളവൻ. (മൂർത്തി എന്നതിൻെറ വിളിരൂപമാണു് മൂർത്തേ.) അഞ്ജലി=തൊഴുകൈ. ആനന്ദാലങ്കാരാ=ആനന്ദം അലങ്കാരമായിട്ടുള്ളവനേ! ആതങ്കം=ഭയം. ഇന്ദിരാനാഥൻ–മഹാവിഷ്ണു. ജഗന്നിവാസൻ=ലോകമാകെ വസിക്കുന്നവൻ (എല്ലാ ചരാചരങ്ങളിലും നിറഞ്ഞിരിക്കുന്നവൻ.)

പെരുവഴി

[കുചേലൻ പാടിക്കൊണ്ട് മെല്ലെ നടന്നു പോകുന്നു]

കുചേലൻ:—

നാളെനാളെയെന്നായിട്ടു ഭഗവാനെ-
ക്കാണ്മാനിത്ര
നാളുംപുറപ്പെടാഞ്ഞ ഞാനിന്നു
ചെല്ലുമ്പോഠം
നാളീകനയനനെന്തു തോന്നുന്നോ
ഇന്നു നമ്മോട്ട
നാളീകം കരിമ്പന്തമേലെയ്ത-
പോലെയോ?

1[2]. ഇതു് രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ നിന്നു് എടുത്തതാണു്. നാളീകം=താമര.

എന്തായാലും ചെന്താമരക്കണ്ണനെന-
ക്കാണുന്നേരം
സന്തോഷിക്കും സൽക്കരിച്ചയയ്ക്കയും
ചെയ്യും.

(മറയുന്നു)

രണ്ടു വഴിപോക്കർ കൂടലൻ പോയഭാഗത്തെയ്ക്കു നോക്കി
കൊണ്ടു പ്രവേശിക്കുന്നു.

ഒന്നാമൻ:—

13 അന്ധികാംകൊണ്ടു ചമച്ചതിൻമൂലമെ-
ന്തബ്ജജൻ പണ്ടിവൻ മേനിതന്നെ?

രണ്ടാമൻ:—

14 പേശലമായൊരു കാശത്തോടേശീട്ടു
പേശുവാൻ പോരുമീക്കേശമിപ്പോഠം

---

13. അബ്ജജൻ=ബ്രഹ്മാവു്

14. കാശം=ആവുദ്ദ്യുടെ പൂവു്(വെളുത്തിരിക്കും) ഏശീട്ടു പേശുവാൻ=നേരിട്ടെതിർക്കുവാൻ. കേശം=തലമുടി.

ഒന്നാമൻ:—

15 പാങ്കഴിയെന്നോത്തോ നെത്രങ്ങാം നിമ്മിച്ച
യോഗ്യതപോരുമതിന്നുപാത്താൽ.

രണ്ടാമൻ:—

16 പാതാളലോകത്തിലൊന്നിങ്ങു പോന്നിവൻ
നാഭിക്കു മീതേപോയ് നിന്നിതോ ചൊൽ

ഒന്നാമൻ:—

(ഒന്നുകൂടി വൃക്ഷീച്ചുനോക്കിയിട്ട്)

17 ദുർഭഗനെങ്കിലും വിപ്രതയോർക്കുമ്പോ-
ളുൽഭൂതവീര്യനായ് മേവുമത്രേ.

രണ്ടാമൻ:— ശരിയാണു്.

---

15. പാങ്കഴി=പൊട്ടക്കുഴി.

16. പാതാളലോകങ്ങളിൽ ഒരെണ്ണം ഇവന്റെ വയറിന്റെ സ്ഥാനത്തു വന്നുനിൽക്കുകയാണോ?. വയറൊരു പൊട്ടക്കുഴിയാണെന്നാത്മം.

17. ദുർഭഗൻ=വിത്തുപൻ. വിപ്രത–ബ്രാഹ്മണൻ എന്നതു്. ഉൽഭൂതവീര്യൻ–ഉൽഭൂതം ഉളവാക്കുന്ന തേജസ്സോടുകൂടിയവൻ.

18 ബ്രാഹ്മമായുള്ളോരു മേന്മയെക്കണ്ടാലും
മേന്മേലേ മെയ്യിലെഴുന്നതിപ്പോഠം.

ഒന്നാമൻ:— അതേ.

19 നിന്ദ്യനല്ലേതുമേ മന്ദതകൊണ്ടിവൻ
വന്ദ്യനായുള്ളൊരു ഭൂമിദേവൻ.

രണ്ടുപേരുംകൂടി:—

നിന്ദ്യനല്ലേതുമേ മന്ദത കൊണ്ടിവൻ
വന്ദ്യനായുള്ളൊരു ഭൂമിദേവൻ.

[കർട്ടൻ]

---

18. ബ്രാഹ്മം=ബ്രഹ്മത്തെ സംബന്ധിച്ചതു്.

19. നിന്ദ്യൻ=നിന്ദിക്കപ്പെടേണ്ടവൻ. മന്ദത=മൂഢത.
വന്ദ്യൻ=വന്ദിക്കപ്പെടേണ്ടവൻ ഭൂമിദേവൻ=ബ്രാഹ്മണൻ.
ഇതും കുഞ്ഞുനാഥയിൽ നിന്നുതന്നെ

രംഗം മൂന്ന്

ദ്വാരക

[ശ്രീകൃഷ്ണനും ലക്ഷ്മീദേവിയും മഞ്ചത്തിലിരിക്കുന്നു. ഇരുവശത്തും ദാസികൾനിന്നു വെഞ്ചാമരംകൊണ്ടു വീശുന്നുണ്ട്. കർട്ടൻ ഉയരുമ്പോൾ കുചേലന്റെ പാട്ടു കേൾക്കാം. ശ്രീകൃഷ്ണൻ പാട്ടു കേൾക്കുന്ന വശത്തെയ്ക്കു ശ്രദ്ധിക്കുന്നു. എഴുന്നേല്ക്കുന്നു. കുചേലൻ വരുന്ന സ്ഥലത്തെയ്ക്കു മെല്ലെ നടക്കുന്നു.]

കുചേലൻ:— [അകത്തു നിന്ന്]

20 **അരുതേതും നിന്റെ ചരിതങ്ങളെങ്കാ-**
ക്കുരചെയ്വാനയ്യോ മുകിൽവണ്ണാ
മറകളായും തൽപ്പൊരുളായുംപിന്നെ
മറഞ്ഞല്ലോ നീതാൻ മരുവുന്നു.
ദഹനനായതും തപനനായതും
പവനനായതും പരനേ നീ.

---

20. മറകൾ=വേദങ്ങൾ തൽപ്പൊരുൾ=അവയുടെ സാരം. ദഹനൻ=അഗ്നി, തപനൻ=സൂര്യൻ, പവനൻ=കാറ്റ്.

അരുണനായതും വരുണനായതും
കരുണക്കാതലേ പരൻ നീയേ
അരുതേതും നിന്നെറ

[കൃഷ്ണൻ ഓടിച്ചെന്ന കുചേലനെ കെട്ടിപ്പിടിക്കുന്നു. മഞ്ചത്തിലിരുത്തുന്നു.]

കൃഷ്ണൻ:-

21 എത്രയും നന്നായി വന്നതിങ്ങെന്നുടെ
ചിത്തവും ചാലെക്കുളുത്തുതിപ്പോം
ദേശികഗേഹത്തിൽ പണ്ടു നാം നിന്ന നാ-
ളാചരിച്ചീടിന വേലയെല്ലാം.
ഒന്നുമേയിന്നു മറന്നുപോയില്ലല്ലീ
വന്നുവന്നീടുന്നൊരാടലിനാൽ?

കുചേലൻ:-

[തന്നത്താൻ വിചാരിക്കുന്ന മട്ടിൽ]

അരുണൻ - സൂര്യന്റെ തേരാളി. വരുണൻ - സമുദ്രത്തിന്റെ ദേവത. കരുണക്കാതൽ - കാരുണ്യംകൊണ്ടു മൂടിയവൻ- പരൻ- ഈശ്വരൻ.

21. ദേശികൻ - ഗുരു. മറന്നുപോയ്ല്ലീ - മറന്നുപോയില്ലല്ലോ? വന്നുവന്നീടുന്നൊരാടലിനാൽ-അടിയ്ക്കടി ഉണ്ടാകുന്ന ദുഃഖംകൊണ്ട്.

22 അല്പമായുള്ളോരു കാഴ്ചഞാനെങ്ങനെ-
യബ്ജവിലോചനൻ മുന്നിൽ വയ്പൂ.

കൃഷ്ണൻ:—

23 ചാർച്ചയും മേച്ചയും വേഴ്ചയും പൂണ്ടവർ
കാഴ്ചയും കൊണ്ടല്ലോ വന്ന ഞായം.
വേഴ്ചയിൽവന്ന നീ വാച്ചു നിന്നീടുന്ന
കാഴ്ചയായെന്തോന്നു കൊണ്ടുപോന്നു?

[കുചേലൻ നാണം ഭാവിക്കുന്നു. കൃഷ്ണൻ അവിൽപ്പൊതി പിടിച്ചു വാങ്ങുന്നു]

കൃഷ്ണൻ:—

24 എത്രയും നല്ലൊരു കാഴ്ചയായ് വന്നിതു
ഭദ്രനായുള്ളനീ തന്നതിപ്പോൾ.

[കൃഷ്ണൻ ഒരു പിടി അവൽ വാരിത്തിന്നുന്നു. രണ്ടാമത്തെ പിടി വാരി വായിലിടാൻ ഭാവിക്കുന്നു. ലക്ഷ്മി കൃഷ്ണന്റെ കൈയിൽ കടന്നു പിടിച്ചു മാറ്റുന്നു.]

---

22. അബ്ജവിലോചനൻ – ഇവിടെ ശ്രീകൃഷ്ണൻ എന്നർത്ഥം

23. വന്ന ഞായം – വരിക പതിവു്.

ലക്ഷ്മി:—

25 "ഉറവനെന്നുമ്പോഴെന്നെയിന്നിങ്ങനെ
വിറവതോ ചിന്തിച്ചാൽ ചേരുമല്ലോ
വറവാതോരമ്പുകൊണ്ടാരണന്നെന്നെനീ
മുറമടിക്കുമാറാക്കൊല്ലാതേ"

[കുചേലൻ എഴുന്നേറ്റു ശ്രീകൃഷ്ണനെ വന്ദിച്ച് യാത്രയാകുന്നു.]

കുചേലൻ:—

26 ജയസുന്ദര യദുനന്ദന
ജയമംഗലവസതേ!
വ്രജമന്ദിര! മുനിവന്ദിത!
ശരണംഭവ സതതം.

[മറയുന്നു.]

കർട്ടൻ

---

25. വറവാതോരമ്പുകൊണ്ട് = ഒടുങ്ങാത്ത ദയകൊണ്ട്,, ഉറവനെന്നുമ്പോൾ = ബന്ധുവാണെന്നുവരുമ്പോൾ മുറമടിക്കുവാനാ കൊല്ലാതേ = മുറമടിക്കാൻ നിയോഗിക്കരുതേ.

26. യദുനന്ദൻ = യാദവന്റെ പുത്രൻ. മംഗലവസതേ = മംഗളത്തിന്റെ(ഐശ്വര്യത്തിന്റെ)ഇരിപ്പിടമായുള്ളവനേ വ്രജമന്ദിര = ആമ്പാടിയിൽ പാർക്കുന്നവനേ. മുനിവന്ദിത = മുനിമാരാൽ വന്ദിക്കപ്പെടുന്നവനേ! ശരണംഭവ സതതം=(നിന്നിൽ)സതതം= (എപ്പോഴും) ശരണം (ആശ്രയം) ഭവ (ഭവിക്കട്ടെ) എന്നും നീ എനിക്കു ആശ്രയമായിത്തീരട്ടെ എന്നർത്ഥം.

രംഗം നാലു്

പെരുവഴി

[കുചേലൻ വിചാരമഗ്നനായി നടന്നുവന്നു വിഷമിച്ചു നിൽക്കുന്നു.]

കുചേലൻ:—

27 ഇപ്പുത്തുചെല്ലുമ്പോൾ ചൊല്ലുവതെന്തുഞാൻ
വല്ലവേന്നിരു വന്ദിക്കുമ്പോൾ.
ഏറിയിരുന്ന ധനത്തെയുംകൊണ്ടുഞാൻ
ഏവ്വഴിചെല്ലുന്നതെന്നുനണ്ണി
ആശയുംപൂണ്ടുമേവുമ്പോഴപ്പോഞാൻ
വീശവുംകൂടാതെ ചെല്ലുന്നിപ്പോൾ

[കുറേപ്പുർവന്നു് കൃഷ്ണനെവന്ദിച്ചു് ഉപചരിക്കുന്നു. കുചേലൻ അത്ഭുതപ്പെടുന്നു. അദ്ദേഹം അവർ വന്നാദിക്കിലേക്കു നോക്കുന്നു]

---

27. നണ്ണി = വിചാരിച്ചു്. വീശു=ആളവു്. വീശവും കൂടാതെ = ഒട്ടുമില്ലാതെ എന്നു സാരം.

കചേലൻ:—

28 വൃദ്ധനായുള്ളോരദ്ധ്വഗനായതു
നിർദ്ധനനായുള്ളോരെന്നെയിപ്പോഴ
ചാരത്തു വന്നിവർ വന്ദിച്ചുനിന്നതിൻ
കാരണമെന്തെന്നു കണ്ടതില്ലേ?

[നടന്നുമാറുന്നു]

കർത്തൻ.

---

28. അദ്ധ്വഗൻ=വഴിപോക്കൻ.

രംഗം മൂന്ന്

കുചേലഭവനം

[ശ്രീകൃഷ്ണന്റെ ശക്തികൊണ്ട് കുചേലന്റെ കുടിൽ മഹാ ട്ടാരമായത്തീർന്നു. ആ മാറ്റം കണ്ട് അത്ഭുതപ്പെട്ട്, കുചേലൻ പ്രവേ ശിക്കുന്നു. പിന്നാലെ കുറെഭൃത്യന്മാരുമുണ്ട്.]

കുചേലൻ:—

29 **എന്നുടെ ഗേഹമിതെന്നതു ചിന്തിച്ചാൽ**
നിർണ്ണയമുണ്ടെനിക്കുള്ളിലെന്നാൽ
ദുഷ്ടന്മാരായുള്ള മന്നവരാരാനും
പെട്ടെന്നു വന്നു മൽ ഗേഹം തന്നിൽ
ആട്ടിവിട്ടെന്നുടെ ഭാര്യയെത്തന്നെയും
കോട്ടയും കോരിനാരെന്നുവന്നു.
ഗേഹവും കൂടാതെ ഭാര്യയുംകൂടാതെ
കേവലംപോക നാമെന്നുവന്നു.

---

29. എന്നുടെ....ഉള്ളിലെന്നാൽ =ഇതു് എന്റെ ഒ വീടാണെന്നു എനിക്കു തീർച്ചയുണ്ടു്. കോട്ട കോരുക=നശിപ്പിക്കുക

[വിഷാദിച്ച് ഒരിടത്തിരിക്കുന്നു. സുശീല നല്ല വസ്ത്രങ്ങളണിഞ്ഞ് ദാസിമാരോടുകൂടി പ്രവേശിച്ച് ഭർത്താവിനെ വണങ്ങുന്നു. കുചേലൻ ഭാര്യയെ തിരിച്ചറിഞ്ഞില്ല. അദ്ദേഹം പെട്ടെന്നെഴുന്നേറ്റ് അവളെ സൂക്ഷിച്ചുനോക്കുന്നു.]

കുചേലൻ:—

30 **കാണുന്നതെന്തൊരമന്നാണ്ടവും പൂണ്ടനി-**
ന്നാനനം തന്നെയും താഴ്ത്തുമെപ്പോ
എന്നുടെ പാദങ്ങൾ തന്നിലെ നോക്കുന്നോ-
ളെന്നുടെ ജായതാനെന്നപോലെ.
ആരിവൾ——

സുശീല:—

31 **സ്വാമി, സുശീല ഞാൻ പോന്നാലും,**
പാരമുണ്ടാമല്ലോ യാത്രാക്ലേശം.

---

30. താഴത്തു = താഴത്തി, ജായ = ഭാര്യ.,

31. ആരിവൾ എന്നുള്ളം കുട്ടിച്ചൊല്ലുമ്പോൾ മാത്രമേ വരുമിവന്നാവു. പോന്നാലും=വരിക. പാരം =വളരെ. യാത്രക്ലേശം=വഴിനടന്നുള്ള കൊണ്ടുള്ള ക്ഷീണം.

കുചേലൻ:—

32 എന്തിതെന്താശ്ചര്യമെന്തിതിൻ കാരണം
ഹന്തഞാൻ കാണ്മതു സ്വപ്നമാമോ?

സുശീല:—

33 ഇന്നലെയിന്നേരം കാണായി
സുന്ദരിയായൊരു നാരിതന്നെ.
തെറ്റെന്നു പോന്നിങ്ങു വന്നുടൻ നമ്മുടെ
ചെറ്റയിൽ ഞങ്ങൾ നിന്നുചൊന്നാം.
ദ്വാരകതന്നിൽനിന്നിന്നുഞാൻ വന്നുനി-
ന്നാരണൻ വന്നതു കാരണമായ്.

---

31. 32. എഴുതച്ചുത്തകാണ്

33. ചെറ =ചെറിയപുര. ഞ്ങ്ങ്=കനിഞ്ഞുകയറി. നിൻ + ആരണൻ=നിന്നാരണൻ. ആരണൻ=ബ്രാഹ്മണൻ. അന്നിലം=ആ നിലം. കണ്ടേനത്രേ-കാണുകയാണുണ്ടായത്.

എന്നതു കേട്ടഞാൻ ചെന്നങ്ങു നിന്നപ്പോ-
ളന്നിലം തന്നിൽ മറഞ്ഞുകൊണ്ടാ൯.
പിന്നെഞാൻ നോക്കുമ്പോളന്നിലംതന്നെയു
മെന്നെയുമിങ്ങനെ കണ്ടേനത്രേ.

[കുചേലൻ കണ്ണടച്ചു കൈകൂപ്പി നിൽക്കുന്നു. സുശീലയും ഭക്തിയോടെ തൊഴുതുനിൽക്കുന്നു.]

കുചേലൻ:—

34 മഴമുകിൽകാന്തി കലന്നവനേ! ഹരി
മധുമൊഴിമാർ തുകിൽ കട്ടവനേ! ഹരി.

സുശീല:—

മധുരയിൽ വാണു നിറന്നവനേ! ഹരി
മനുജകുലത്തിലുരത്തവനേ! ഹരി.

---

34. ഇതും കൃഷ്ണഗാഥയിൽ നിന്നു തന്നെ, മഴമുകിൽ=മഴക്കാർ. തുകിൽ വസ്ത്രം, നിറന്നവൻ=ശോഭിക്കുന്നവൻ. ഉരത്തവൻ=ശക്തിമാൻ മല്ലർ=ശക്തന്മാർ. വെന്നു=ജയിച്ചു.

കുചേലൻ:—

മല്ലിക മല്ലയണിഞ്ഞവനേ! ഹരി
മല്ലരെവെന്ന നിറന്നവനേ! ഹരി.

[ഇരുവരും ചേർന്ന് രണ്ടുപ്രാവശ്യം]

മരണവിഷാദമാഴിപ്പവനേ ഹരി.
മനസി വിളങ്ങുക നീയേ ഹരി ഹരി!

[കർട്ടൻ]

The Mahatma Printing works Trivandrum,

2729

അഭിപ്രായങ്ങൾ

"ബാലഹൃദയങ്ങളിൽ സഹജമായ അത്ഭുതവും ജിജ്ഞാസയും വളർത്തി, അവരുടെ വിജ്ഞാനസംസ്കാരങ്ങളെ വികസിപ്പിച്ചു കൊണ്ടുവരുവാൻ ചട്ടാപ്പുമായ രീതിയിലും ഓമനയിലും രചിച്ചിട്ടുള്ള ഈ ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിന്റെ അനർഘമായ സമ്പത്താണ്."

മഹാകവി, ജി. ശങ്കരക്കുറുപ്പ്.

* * * * *

"വളർന്നവരുന്ന പൗരന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ച് ലളിതവും സുഗമവുമായ ശൈലിയിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥപരമ്പര അധ്യാപകന്മാർക്കും അധ്യേതാക്കൾക്കും ഒരുപോലെ ഉപയുക്തമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു."

എൻ. ഗോപാലപ്പിള്ള, എം. എ.
പ്രിൻസിപ്പൽ, രാജകീയ സംസ്കൃതകോളേജ്,
തിരുവനന്തപുരം.

* * * * *

"ഈ ഗ്രന്ഥങ്ങളുടെ രചനയിൽ, ബാലോപയുക്തമായുള്ള വിദ്യാർത്ഥികളുടെ മനോവികാസം, താല്പര്യങ്ങൾ, കാര്യാസാധീനത മുതലായവയെല്ലാം ഔചിത്യപൂർവം പരിഗണിച്ചിട്ടുണ്ടെന്നു കണ്ടപ്പോൾ എനിക്കു വലിയ സന്തോഷം തോന്നി. രചയിതാവിന്റെ ശ്രേണീകരണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഉചിതജ്ഞത പ്രശംസാർഹം തന്നെ. ബാലസാഹിത്യഗ്രന്ഥങ്ങൾ രചിക്കുന്ന ഗ്രന്ഥകർത്താക്കൾ നിങ്ങളെ അനുകരിച്ചെങ്കിൽ!"

എം. രാമകൃഷ്ണൻനായർ എം. എ. എൽ. ടി.
മലയാളവകുപ്പധ്യക്ഷൻ, ട്രെയിനിംഗ് കോളേജ്,
തിരുവനന്തപുരം.